നമ്പർ.400979/BADC01/General/2023/6063/(1)

തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

തലക്കുളത്തൂർ
തലക്കുളത്തൂർ.പി.ഓ
കോഴിക്കോട്
Phone No:04952852239
E-mail:thalakkulathurgp@gmail.com

തീയതി : 15/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്,കോഴിക്കോട്,673020

സർ,

വിഷയം:- തലക്കുളത്തൂർ പഞ്ചായത്ത് സ്ഥിരം അദാലത്ത് പരാതിയിൻമേൽ റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്

സൂചന:- ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 13/11/2023 ലെ IV01/01/2023 നമ്പർകത്ത്.

സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ താഴെ പറയും പ്രകാരം സമർപ്പിക്കുന്നു.

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് തലക്കുളത്തൂർ ദേശത്ത് റീസർവ്വേ 28/8 ൽപെട്ട സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിക്കുന്നതിനു ബിനീഷ് .ഒ, ഒടിയിൽ ഹൗസ് എന്നവർ A1/5086/14നമ്പറായി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥലത്തിൻറെ തരം നിലമാകയാൽ പഞ്ചായത്ത് നിലം കമ്മിറ്റിയുടെ 17 /9/ 2014ലെ പതിമൂന്നാം നമ്പർ തീരുമാനപ്രകാരം അപേക്ഷ അംഗീകരിക്കുകയും ആയത് പ്രകാരം 13/ 10 /2014 ന് 243 .8 1 ചതുരശ്ര മീറ്റ് വാസ ഗൃഹ നിർമ്മാണത്തിനു പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. പെർമിറ്റ് കാലാവധി 12 /10/ 2017 വരെയായിരുന്നു. A3/ 6060 /17 നമ്പർ പെർമിറ്റ് റിന്യൂവലിനുള്ള അപേക്ഷപ്രകാരം 12 /10 /2020 വരെ പെർമിറ്റ് കാലാവധി നീട്ടി നൽകുകയും ചെയ്തിരുന്നു .കക്ഷിയുടെ 9 /10/ 2020 തീയതിയിലെ അപേക്ഷ പരിഗണിച്ച് 11/ 10/ 2020 മുതൽ നാലു വർഷത്തേക്ക് പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് 9/10/2021നു A3/424/ 2021 നമ്പർ ഫയൽ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു . എന്നാൽ നിലം കമ്മിറ്റി അനുമതി നൽകിയ പെർമ്മിറ്റിനേക്കാൾ 31.20

സ്ലാ. മീ അധിക നിർമ്മാണം നടത്തിയിട്ടുണ്ട്. സമർപ്പിച്ച പ്ലാൻ പ്രകാരം completed ഏരിയ 275 ചതുരശ്ര മീറ്റർ ആണ്. പെർമിറ്റ് അനുവദിച്ചിട്ടുള്ളത് 243.8 1 ചതുരശ്ര മീറ്ററിനും ആണ്. മാത്രമല്ല പെർമ്മിറ്റ് നൽകിയ സമയത്ത് നിലവിലുണ്ടായിരുന്ന നിലം കമ്മിറ്റി ഇപ്പോൾ ഇല്ല. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതും തരം മാറ്റാത്തതുമായ ഭൂമിയിൽ നിലം കമ്മിറ്റി അനുമതി നൽകിയതിനേക്കാൾ കൂടുതൽ ഏരിയയിൽ നിർമ്മാണം പൂർത്തീകരിച്ചതിനാൽ നമ്പർ അനുവദിക്കാൻ നിർവാഹമില്ല എന്നും തരം മാറ്റിയ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഫയലിൽ തുടർനടപടികൾ സ്വീകരിക്കാൻ നിർവാഹമുള്ളൂ എന്ന വിവരം കാണിച്ചുകൊണ്ട് ബിനീഷ്, ഒ എന്നവർക്ക് 15/06/2023 ന് മറുപടി നൽകിയിട്ടുള്ളതാണ്. ആയതിനു കക്ഷി രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഫയൽ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ് എന്ന വിവരവും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ശ്രീനിവാസൻ പി
സെക്രട്ടറി

Signature Not Verified
Digitally signed by SREENIVASAN P
Date: 2023.11.15 17:56:16 IST
Reason: ILGMS Govt. of kerala